ഉത്തരം

(എ) മലബാർ മേഖലയിലെ ജില്ലകളിൽ 48 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നു. അവയിൽ കോഴിക്കോട് ജില്ലയിൽ 6 എണ്ണവും, കണ്ണൂർ ജില്ലയിൽ 7 എണ്ണവും, കാസർഗോഡ് ജില്ലയിൽ 5 എണ്ണവും, മലപ്പുറം ജില്ലയിൽ 5 എണ്ണവും, പാലക്കാട് ജില്ലയിൽ 9 എണ്ണവും, തൃശ്ശൂർ ജില്ലയിൽ 15 എണ്ണവും, വയനാട് ജില്ലയിൽ ഒരെണ്ണവും പ്രവർത്തിച്ചു വരുന്നു.

(ബി) മലബാർ മേഖലയിലെ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2014-15 വർഷത്തെ കോഴ്സ് പൂർത്തിയായിട്ടില്ല എന്ന് സർവ്വകലാശാല രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്. 2014-15 അദ്ധ്യായന വർഷത്തിൽ കുസാറ്റിൽ ഇതുവരെ ക്യാമ്പസ് സെലക്ഷൻ കിട്ടിയവരുടെ എണ്ണം 210 ആണ്. കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകളുടെ കീഴിൽ വരുന്ന കോളേജുകളിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയ വിദ്യാർത്ഥികളുടെ വിവരം സർവ്വകലാശാലകളിൽ ലഭ്യമല്ല എന്ന് രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്.

ഔദ്യോഗിക വാഹന ദുരുപയോഗം

129 (1185) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ-മാറ്റ്-കേരള ഡയറക്ടറുടെ ഔദ്യോഗിക വാഹന ദുരുപയോഗത്തെക്കുറിച്ച് അന്വേഷണം നടത്താൻ സംസ്ഥാന ഗവർണർ എന്തെങ്കിലും ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നും ; ഇല്ലെങ്കിൽ ആയത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 30-9-2013 ജി.എസ്. 1884/13 നമ്പരിലുള്ള കത്ത് പ്രകാരവും 3-10-2013-ലെ ജി.എസ്.4 1971/2013-ലെ നമ്പർ കത്തു പ്രകാരവും സീമാറ്റ്-കേരള ഡയറക്ടറുടെ ഔദ്യോഗിക വാഹന ദുരുപയോഗത്തെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഗവർണർ ആവശ്യപ്പെട്ടിരുന്നു. ഗവർണ്ണറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും മനഃപൂർവ്വമായി വാഹനം ദുരുപയോഗം ചെയ്തിട്ടില്ല എന്ന് പ്രസ്തുത അന്വേഷണത്തിൽ ബോധ്യപ്പെട്ട വിവരം ഗവർണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly